യിൽ എസ്.എൽ.പി. 6/661/88 നമ്പരായി അപ്പീൽ ഫയൽ ചെയ്തു. ആ അപ്പീലും 5.3.93-ൽ സുപ്രീം കോടതി തള്ളി. ഈ സാഹചര്യത്തിൽ ഈ കേസ്സിൽപ്പെട്ട 400 ഏക്കർ സ്ഥലം ഉടമയ്ക്ക് വിട്ടുകൊടുക്കാൻ സർക്കാർ ഉത്തരവ് നമ്പർ 2431/ഇ2/94/എഫ്.ഡി/ഡബ്ല്യൂ.എൽ.ഡി പ്രകാരം 29.2.94-ന് ഉത്തരവായി. അതോടൊപ്പം ഈ സ്ഥലത്തു നിന്നും കേരള വൃക്ഷസംരക്ഷണനിയമ പ്രകാരം മരം മുറിക്കൽ തടഞ്ഞുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ജി.ഒ. പി 83/94/എഫ്.ഡി.എഫ്.എൽ.ഡബ്ല്യൂ.എൽ. തീയതി 3.12.94 നമ്പരായി 9.2.95-ൽ ഈ സ്ഥലം ഉടമയ്ക്ക് കൈമാറി. ഇപ്പോൾ കരുണ പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡ് ചെക്കിട്ടപ്പാറ എന്ന പേരിൽ അറിയപ്പെടുന്ന ഈ സ്ഥലം പശ്ചിമഘട്ട മലനിരകളുടെ ഭാഗവും നിത്യ ഹരിത വനവുമാണ്. ഓനിപ്പുഴയുടെയും ഇരഡയാൻ തോടിന്റെയും വൃഷ്ടി പ്രദേശം കൂടിയാണ് ഈ സ്ഥലം. പരിശോധനയിൽ പത്തു ഏക്കറിൽ കുറഞ്ഞ സ്ഥലത്തു മാത്രം 483 ഏല ചെടികളും 220 കുരുമുളകും 540 വാഴയും 45 കമുകുമുള്ളതായി കണ്ടു. ഇവിടെ മരം മുറി നടക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ 20.2.99 മുതൽ 25.2.99 വരെയുള്ള കാലയളവിൽ ഈ സ്ഥലം വിശദമായി പരിശോധിച്ചു. പരിശോധനയിൽ ആകെയുള്ള നാനൂറ് ഏക്കറിൽ ഏതാണ്ട് 280 ഏക്കർ സ്ഥലത്തുള്ള അടിക്കാടുകൾ, ചെറുവൃക്ഷ തൈകൾ കഴകൾ തുടങ്ങിയവ വെട്ടിയതായി കണ്ടെത്തിയിട്ടുണ്ട്. 15 സെന്റിമീറ്റർ മുതൽ 99 സെന്റിമീറ്റർ വരെയുള്ള പതിനാലായിരത്തി തൊണ്ണൂറ്റിയെട്ട് കഴകൾ മുറിച്ചതിന് എതിരെ ഒ.ആർ. 2/99, ഒ.ആർ 3/99 എന്നീ നമ്പരുകളിൽ കരുണാ പ്ലാന്റേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ടി.എ. മാത്യുവിന് എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ് രണ്ടാഴ്ചക്കകം ചാർജ് ചെയ്യുന്നതാണ്. ഇപ്പോൾ മരം മുറി പൂർണ്ണമായും തടഞ്ഞിട്ടുണ്ട്. ഈ സ്ഥലം സംരക്ഷിക്കുന്നതിന് പ്രത്യേക യൂണിയനേയും വനം വകുപ്പ് നിയോഗിച്ചിട്ടുണ്ട്. വൃക്ഷ സംരക്ഷണ നിയമം 5-ാം വകുപ്പ് പ്രകാരം നോട്ടിഫൈ ചെയ്ത ഈ സ്ഥലത്തു ഉണ്ടായിട്ടുള്ള മരം മുറി യഥാസമയം തടയുന്നതിനും മറ്റു നിയമ നടപടികൾ സ്വീകരിക്കുന്നതിനും വീഴ്ച വരുത്തിയതിന് റെയിഞ്ചോഫീസർ കെ. രാഘവൻ നായർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സദാനന്ദൻ എന്നിവരെ 10.2.99 മുതൽ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. വിജിലൻസ് സ്കാഡ് ഇക്കാര്യത്തിൽ കൂടുതലായി അന്വേഷണം നടത്തിവരുന്നു. സർ, ഇതു ഗൗരവമേറിയ പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗം ശ്രീമതി രാധ ഇക്കാര്യത്തിൽ കാണിച്ച താൽപര്യത്തിന് പ്രത്യേകം ഗവൺമെന്റിന്റെ പേരിൽ നന്ദിയുണ്ട്. ഇതുപോലെ മറ്റ് ജനപ്രതിനിധികളും അവരവരുടെ മേഖലകളിൽപ്പെട്ട വന സംരക്ഷണ കാര്യത്തിൽ പ്രത്യേകം താൽപര്യമെടുത്താൽ ഗവൺമെന്റിന് അതു കുറെക്കൂടി സഹായകരമായിരിക്കും. ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കും. ഒരു വിട്ടുവീഴ്ചക്കും തയ്യാറല്ല.

മി. സ്പീക്കർ: വന സംരക്ഷണത്തിന് ജനങ്ങൾ മുൻകൈയെടുക്കണം. ജനപ്രതിനിധികൾ നേതൃത്വം കൊടുക്കണം.

(8) കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ 14.4.99-ലെ പണിമുടക്ക്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഐക്യസമരസമിതി ഐ.എൻ.ടി.യു.സിയുടെ നേതൃത്വത്തിലുള്ള വർക്കേഴ്സ് യൂണിയനും എസ്.ടി.യുവിന്റെ ആഭിമുഖ്യത്തിലുള്ള യൂണിയനും ഡെമോക്രാറ്റിക് എംപ്ലോയീസ്

LIBRARY ARCHIVES Kerala Legislative Assembly

അസോസിയേഷനും, സ്റ്റാഫ് യൂണിയനും വർക്കേഴ്സ് ഫെഡറേഷനും അടക്കം യു.ഡി.എഫ് നേതൃത്വം കൊടുക്കുന്ന അഞ്ചു ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ 14-ാം തീയതി കെ.എസ്.ആർ.ടി.സി. യിൽ പണി മുടക്ക് നടക്കുകയാണ്. കെ.എസ്.ആർ.ടി.സിയിൽ ഇപ്പോൾ നാഥനില്ലാത്ത ഒരവസ്ഥ വന്നിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യിൽ ചില നിർദ്ദേശങ്ങൾ കൊടുത്ത് എന്ന് അങ്ങ് പറഞ്ഞു. പക്ഷേ അതു നടപ്പാക്കാൻ ആളില്ല. മാനേജിംഗ് ഡയറക്ടറില്ല. ചീഫ് അക്കൗണ്ട്സ് ഓഫീസറില്ല. ചീഫ് എഞ്ചിനീയറില്ല. ഇങ്ങനെ ഉത്തരവാദപ്പെട്ട ആരും കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോഴില്ല. ട്രാൻസ്പോർട്ട് ആക്ട് 36-ാം വകുപ്പ് അനുസരിച്ച് കേരള ഗവൺമെന്റിന് ഇതിനകത്ത് ആവശ്യമായ സന്ദർഭത്തിൽ ഇടപെടാനുള്ള അവസരമുണ്ട്. ഈ പണിമുടക്ക് അവസാനിപ്പിക്കുന്നതിനു വേണ്ടി കേരള ഗവൺമെന്റ് അടിയന്തിരമായി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, ഈ പണിമുടക്കിന് ആധാരമായ കാര്യം 1994 ഫെബ്രുവരി മാസത്തിൽ അവസാനിപ്പിച്ച ശമ്പള പരിഷ്ക്കരണ കരാർ പുതുക്കണമെന്നുള്ളതാണ്. ഇലക്ട്രിസിറ്റി ബോർഡ് അടക്കമുള്ള സംസ്ഥാനത്തെ സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ശമ്പള പരിഷ്ക്കരണം നടന്നിട്ടും അഞ്ചു കൊല്ലക്കാലമായി കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ആ അവകാശം കൊടുക്കുന്നില്ല. ഗവൺമെന്റ് അംഗീകരിച്ച കരട് കരാർ ജീവനക്കാരുടെ താൽപര്യങ്ങൾ ഹനിക്കുന്നതും പഴയ വാഗ്ദാനത്തിൽ നിന്നും പുറകോട്ടു പോകുന്നതുമാണ്. അങ്ങനെയൊരു കരട് കരാറിനെപ്പറ്റി ഇപ്പോൾ സംസാരിച്ചു കേൾക്കുന്നുണ്ട്. വൈകിയാണെങ്കിലും വൈദ്യുതി ബോർഡിൽ എടുത്തിട്ടുള്ള മാനദണ്ഡമെങ്കിലും കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ കാര്യത്തിലുമുണ്ടാകണം. ഒരേ പന്തിയിൽ രണ്ടു തരം വിളമ്പൽ സംസ്ഥാന സർക്കാർ നടത്തരുത്. നിലവിലുള്ള കരാറനുസരിച്ച് 1994 ഫെബ്രുവരി മാസം മുതലുള്ള കുടിശ്ശിക പണമായി കൊടുക്കുന്നതിനു വേണ്ടി നിർദ്ദേശം നൽകണം. കാലാകാലങ്ങളിൽ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന സൗജന്യം കൊണ്ട് കെ.എസ്.ആർ.ടി.സി.ക്ക് 96 കോടി രൂപയുടെ കടമുണ്ട്. ഗവൺമെന്റ് മുഖാന്തിരമുണ്ടാകുന്ന ഈ സൗജന്യങ്ങൾ അത് കെ.എസ്.ആർ.ടി.സി ക്ക് തിരിച്ചു നൽകുന്നതിനു വേണ്ടിയുള്ള നടപടിയുണ്ടാകണം. ശമ്പള പരിഷ്ക്കരണം മൂലമുള്ള അധിക സാമ്പത്തിക ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുത്തില്ലെങ്കിൽ ശമ്പള പരിഷ്ക്കരണം നടപ്പാക്കാൻ പ്രായോഗികമായ ബുദ്ധിമുട്ട് വരും. എൽ.ഡി.എഫ് ഉറപ്പു നൽകിയ പ്രൊമോഷൻ, അവധി, അലവൻസ് സംബന്ധിച്ച തീരുമാനങ്ങൾ അവർക്ക് തിരിച്ചു നൽകുന്നതിനു വേണ്ടിയുള്ള നടപടിയെടുക്കണം. ഇവ നിലവിലുള്ള എഗ്രിമെന്റു പ്രകാരം ജീവനക്കാർക്ക് ലഭിക്കുന്നതിന് അർഹതയുണ്ട്. ഇങ്ങനെയുള്ള വളരെ ബുദ്ധിമുട്ടേറിയ സാഹചര്യത്തിലുള്ള സമരമാണ് നടക്കുന്നത്. അതു പോലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തുകയിൽ 92 കോടി രൂപയുടെ തിരിമറി നടന്നിരിക്കുകയാണ്. പ്രോവിഡന്റ് ഫണ്ട് തുകയിൽ തിരിമറി നടത്തിയാൽ പ്രോസിക്യൂഷൻ നടത്തണമെന്നുള്ള സ്റ്റാട്യൂട്ടറിയായ നിബന്ധനയുണ്ട്. 92 കോടി രൂപ പ്രോവിഡന്റ് ഫണ്ടിൽ നിന്നും തിരിമറി നടന്നിരിക്കുന്നു. പി. എഫിനു അപേക്ഷ കൊടുത്ത് ഒരു കൊല്ലക്കാലം കാത്തിരുന്നാലും അവർക്ക് തുക കിട്ടാത്ത അവസ്ഥയിലേക്ക് വന്നിരിക്കുന്നു. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷണം നടത്തണം. പിന്നെ ഷെഡ്യൂൾ കാൻസലേഷൻ 40% വരെ വരികയാണ്. ഇതു അവസാനിപ്പിക്കാനുള്ള നടപടിയുണ്ടാകണം. ജനങ്ങൾക്ക് യാത്രാ സൗകര്യം വർദ്ധിപ്പിക്കണം. അതുകൊണ്ട് അടിയന്തിര

LIBRARY ARCHIVES Kerala Legislative Assembly

മായി ഇടപെട്ട് ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രതിസന്ധിയിൽ നിന്നും കെ.എസ്. ആർ.ടി. സിയെ രക്ഷിക്കാൻ നടപടിയെടുക്കണമെന്ന് അപേക്ഷിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ എഴുതി തന്ന സബ്മിഷൻ കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ചാണ്. കെ.എസ്.ആർ.ടി.സി ക്ക് നാഥനില്ല എന്നുവരെ അദ്ദേഹം ഇവിടെ പറയുകയുണ്ടായി. പക്ഷേ നാഥനുള്ളതുകൊണ്ടാണ് ശമ്പള പരിഷ്ക്കരണ ചർച്ച ഇവിടെ നടന്നതും അതു സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചതും. ഇക്കഴിഞ്ഞ 31.3.99-ലെയും 7.4.99-ലെയും മന്ത്രിസഭായോഗം ചർച്ച് ചെയ്ത് വേതന പരിഷ്ക്കരണം സംബന്ധിച്ചുണ്ടായ ധാരണ അംഗീകരിക്കാൻ തീരുമാനിച്ചു.

1.3.97 മുതൽ പ്രാബല്യത്തോടുകൂടി കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നൽകിയത് അതേ കാലയളവ് മുതൽ ഇവർക്കും നൽകാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. കെ.എസ്. ആർ.ടി.സി ക്ക് നാഥനുള്ളതുകൊണ്ടാണ് ആ ചർച്ച നടന്നത്. അതുസംബന്ധിച്ച് ഗവൺമെന്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചത്, ഗവൺമെന്റ് അത് അംഗീകരിച്ചത്. തീരുമാനമെടുത്തതിനുശേഷം അംഗീകൃത യൂണിയനുകളുമായി നാളെ കരാർ ഒപ്പ്വയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതൊക്കെ കെ.എസ്. ആർ.ടി. സിയും ഗവൺമെന്റ് നോക്കികൊള്ളും. അതിനെക്കുറിച്ച് ആർക്കും ഒരു ഉത്കണ്ഠയും വേണ്ട. അങ്ങനെ ഇതെല്ലാം ഗവൺമെന്റ് അംഗീകരിച്ച് നാളെ ഒപ്പു വയ്ക്കാൻ പോകുന്നതിന്റെ പേരിൽ മറ്റന്നാൾ പണിമുടക്ക് നടത്തുന്നത് കേരളത്തിന്റെ ചരിത്രത്തിലുണ്ടാകാത്ത ഒരു സംഭവമാണ്. അതിന്റെ പേരിലാണ് പണിമുടക്ക് നോട്ടീസ് കൊടുത്തത്.

സർ, ബഹുമാനപ്പെട്ട മെമ്പർ തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്താണ് ആവേശം കാണിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. 1994-ൽ അവസാനിച്ച കരാറാണ്. അതു കഴിഞ്ഞ് രണ്ട് വർഷം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനുൾപ്പെടെ പിന്തുണ നൽകിയ അദ്ദേഹത്തിന്റെ പാർട്ടി നേതൃത്വം നൽകിയ ഭരണം കേരളത്തിലുണ്ടായിരുന്നു. ഇടയ്ക്ക് കുറച്ച് സമയം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ട്രാൻസ്പോർട്ട് വകുപ്പ് കൈകാര്യം ചെയ്തതാണ്. അതൊന്നും ശമ്പള പരിഷ്ക്കരണ ചർച്ചപോലും നടത്താൻ തയ്യാറായിട്ടില്ല.

(തടസ്സം)

കൊടുത്തത് വേറെ എവിടെയെങ്കിലുമായിരിക്കും. കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്ക്കരണമൊന്നും കൊടുത്തിട്ടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി): സർ, എന്റെ പേരെടുത്ത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, ഇത്രയധികം ജീവനക്കാരെ ദ്രോഹിച്ച ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ, അങ്ങേക്കറിയാമല്ലോ.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി): സർ, ആവശ്യമില്ലാതെ, ഒരു കാര്യവുമില്ലാതെ എന്റെ പേരെടുത്ത് ഞാൻ മുഖ്യമന്ത്രിയായിരുന്ന കാലത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി പറഞ്ഞു. അതിനെക്കുറിച്ച് എനിക്ക് വിശദീകരിക്കാനുണ്ട്. ഞാൻ കെ.എസ്.ആർ.ടി.സി. യിൽ ശമ്പള

LIBRARY ARCHIVES Kerala Legislative Assembly

പരിഷ്ക്കരണമൊന്നും കൊടുത്തിട്ടില്ലെന്ന് പറഞ്ഞു. എന്റെ പേര് സബ്മിഷനിൽ പറയേണ്ട കാര്യമില്ല.

മി. സ്പീക്കർ : ഇപ്പോൾ പറയുന്നോ, പിന്നെ പറയുന്നോ?

ശ്രീ. എ.കെ. ആന്റണി: ഇതുകഴിഞ്ഞിട്ട് പറയാം.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, അദ്ദേഹം പറഞ്ഞിട്ട് ഞാൻ പറയാം.

മി.സ്പീക്കർ: അദ്ദേഹം പറഞ്ഞു കഴിഞ്ഞു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, എല്ലാ കാര്യങ്ങളും ഭദ്രമായി നടക്കുന്നുണ്ട്. ഒരു കുഴപ്പവുമില്ല. പിന്നെ കരാർ നാളെ ഒപ്പുവയ്ക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഈ ബഹളമൊക്കെ അവസാനിപ്പിച്ചിട്ട് പണിമുടക്ക് പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ബഹു: പ്രതിപക്ഷനേതാവ്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി): സർ, ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ആവശ്യമില്ലാതെ പ്രൊവോക്കേഷനുണ്ടാക്കരുത്. ഞാൻ ശാന്തനായി അദ്ദേഹം പറഞ്ഞത് മുഴുവൻ കേട്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ ഇടയ്ക്ക് പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ തൊഴിലാളികളെ ദ്രോഹിച്ച് ഒന്നും കൊടുത്തില്ലെന്ന് പറഞ്ഞു. ഇത് അങ്ങേയ്ക്ക് ഭൂഷണമല്ല. ഞാൻ ഏതാനും മാസക്കാലമാണ് ട്രാൻസ്പോർട്ട് വകുപ്പിന്റെ ചാർജ്ജ് വഹിച്ച് മന്ത്രിയായിരുന്നത്, മുഖ്യമന്ത്രിയെന്നുള്ള നിലയിൽ. ആ കാലഘട്ടത്തിൽ അതുവരെയുണ്ടായിരുന്ന ഡി.എ. കുടിശ്ശികയുൾപ്പെടെ, അവരുടെ ലീവ് ആനുകൂല്യങ്ങളുൾപ്പെടെ 36 ആനുകൂല്യങ്ങൾ ആ ചുരുങ്ങിയ കാലം കൊണ്ട് ട്രാൻസ്പോർട്ട് ജീവനക്കാർക്ക് കൊടുത്തിട്ടുണ്ട്. എന്നിട്ടും ഇതിനെക്കുറിച്ച് അടിസ്ഥാനരഹിതമായി പറയാൻ അങ്ങേയ്ക്കല്ലാതെ ഈ സഭയിൽ ആർക്കും സാദ്ധ്യമല്ല.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, ഞാൻ പറഞ്ഞത് 1994-ൽ കരാറിന്റെ കാലാവധി അവസാനിച്ചു. അതിനു ശേഷമാണ് അദ്ദേഹം മുഖ്യമന്ത്രിയായത്, ഈ വകുപ്പുകൂടി കൈകാര്യം ചെയ്തിരുന്നത്. അപ്പോൾ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് ചർച്ച നടത്തുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. അങ്ങ് ചെയ്ത മഹാ കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറഞ്ഞില്ല.

.....(പ്രതിപക്ഷ ബഞ്ചുകളിൽ പ്രതിഷേധ ശബ്ദം.....ബഹളം.....)

മി. സ്പീക്കർ: നോ ഡിസ്ക്ഷൻ.....പ്ലീസ്.....അടുത്ത സബ്മിഷൻ, ശ്രീ കടമ്മനിട്ട രാമകൃഷ്ണൻ.....

(9) തോട്ടപ്പുഴശ്ശേരി പഞ്ചായത്തിൽ മഹാരാജ പ്രൈവറ്റ് ബസ് ജീപ്പിലിടിച്ച് മറിഞ്ഞ സംഭവം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ തോട്ടപ്പുഴശ്ശേരി പഞ്ചായത്തിൽ ചരൽകുന്നിനു സമീപം 1999 ഏപ്രിൽ മാസം 10-ാം തീയതി രാവിലെ 10.30 മണിക്ക് തടിയൂർവഴി കോട്ടയം-കോഴഞ്ചേരി

LIBRARY ARCHIVES Kerala Legislative Assembly